# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3443 – 15/03/2018 ലെ മറുപടിക്ക്

## കടമെടുക്കുന്നതിനുള്ള പരിമിതികൾ

ചോദ്യം | ഉത്തരം

ശ്രീ.അബ്ദുൽ ഹമീദ് പി.

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിൽ കടമെടുക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനം അതിന്റെ ധനകമ്മി 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമാണ് വാർഷിക കടമെടുപ്പ് പരിധിയായി (തനി) നിശ്ചയിച്ച് നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി (തനി) 20402 കോടി രൂപയായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| ബി | എങ്കിൽ ഈ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; | |
| സി | കടമെടുക്കുന്നതിന് എന്തെങ്കിലും പരിമിതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള കടമെടുപ്പ് പരിധി (തനി) നിശ്ചയിച്ചിരുന്നത് എല്ലാവിധ സ്രോതസ്സിൽ നിന്നുമുള്ള വായ്പയും (പബ്ലിക് അക്കൗണ്ട് ഉൾപ്പെടെ) പരിഗണിച്ചുകൊണ്ടാണ്. മുൻ വർഷങ്ങളിൽ പബ്ലിക് അക്കൗണ്ടിൽ നിന്ന് അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്തിരുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം മുതൽ പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് വരുത്തുമെന്ന് കേന്ദ്ര |
| ഡി | തുടർന്നും കടമെടുക്കുന്നതിന് സംസ്ഥാനം പ്രാപ്തമാണോയെന്ന് വിശദമാക്കുമോ? | |

| | | |
|---|---|---|
| | | സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത് പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിന് താൽക്കാലികമായി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇത് പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ